**25.09.2023**

# KGBEU OU ബുള്ളറ്റിൻ 117/2023

സഖാക്കളെ,

## വിഷയം: പ്രൊബേഷൻ പീരിയഡിലെ സമരം

പ്രൊബേഷൻ കാലയളവിൽ സമരം ചെയ്ത ജീവനക്കാർക്ക് സമരം ചെയ്ത ദിവസത്തിന് തുല്യമായി പ്രൊബേഷൻ extend ചെയ്യുന്ന നിയമവിരുദ്ധ നടപടി മാനേജ്മെന്റ് നടപ്പിലാക്കിയിരുന്നു. ഇതിന്മേൽ സംഘടന ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ഏത് വിധേനയും ഈ തൊഴിലാളി വിരുദ്ധ നടപടി പിൻവലിച്ചില്ലെങ്കിൽ ശക്തമായ പ്രക്ഷോഭത്തിലേക്ക് പോകുമെന്ന താക്കീതും നമ്മുടെ സംഘടന നൽകിയിരുന്നു. അനുകൂല തീരുമാനം ഉണ്ടാക്കാം എന്ന ചെയർമാന്റെ ഉറപ്പിനെത്തുടർന്ന് ഇതുമായി ബന്ധപ്പെട്ട് നാം കൃത്യമായ follow up നടത്തി വരികയായിരുന്നു.

**സംഘടനയുടെ ശക്തമായ ഇടപെടലിന്റെ ഭാഗമായി സമരം ചെയ്തതിന്റെ പേരിൽ പ്രൊബേഷൻ extend ചെയ്യാനുള്ള തീരുമാനം മാനേജ്മെന്റ് പിൻവലിച്ചിരിക്കുന്നു. ഇതു വഴി പ്രൊബേഷൻ കാലയളവിലും ജീവനക്കാരുടെ സമരം ചെയ്യാനുള്ള അവകാശം നാം സംരക്ഷിച്ചിരിക്കുകയാണ്. ജീവനക്കാരുടെ അവകാശം സംരക്ഷിക്കാൻ ഐക്യബോധത്തോടെ മുന്നോട്ട്.**

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)